# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ 1259 | 11.06.2019-ൽ<br>മറുപടിക്ക് |

**ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ സബ് രജിസ്ട്രാർ ആഫീസുകൾ**

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| **ശ്രീ.ജി.എസ്.ജയലാൽ** | | | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട പരവൂർ, ചാത്തന്നൂർ, കൊട്ടിയം, പൂയപ്പള്ളി സബ് രജിസ്ട്രാർ ആഫീസുകളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ നാളിതുവരെ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) യും ബി) യും | പരവൂർ, ചാത്തന്നൂർ, പൂയപ്പള്ളി സബ് രജിസ്ട്രാർ ഓഫീസുകളുടെ നവീകരണ പ്രവൃത്തികൾക്കായി ഈ സർക്കാർ നാളിതുവരെ 13.34 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br>1) ചാത്തന്നൂർ സബ് രജിസ്ട്രാർ ഓഫീസ് (6.5 ലക്ഷം രൂപ) - സ്റ്റാഫ് റൂമിന്റെ വിസ്തീർണ്ണം വർദ്ധിപ്പിച്ചു. മൂന്ന് ടോയ്‌ലെറ്റുകൾ നവീകരിച്ചു. നടപ്പാതയും ഓഫീസിന്റെ മുൻവശവും തറയോട് പാകി.<br>2) പൂയപ്പള്ളി സബ് രജിസ്ട്രാർ ഓഫീസ് (4.09 ലക്ഷം രൂപ) - പൊതുജനങ്ങൾക്കായി വെയിറ്റിംഗ് ഷെഡും മൂന്ന് ടോയ് ലെറ്റുകളും നിർമ്മിച്ചു. ഓഫീസിന്റെ പ്രവേശന കവാടം വടക്കുവശത്തുനിന്നും മാറ്റി കിഴക്കുഭാഗത്താക്കി. റാമ്പ് നിർമ്മിച്ചു.<br>3. പരവൂർ സബ് രജിസ്ട്രാർ ഓഫീസ് (2.75 ലക്ഷം രൂപ) - കെട്ടിടത്തിന്റെ ചോർച്ച മാറ്റുന്നതിന് മേൽക്കൂരയിൽ കഴുക്കോലുകൾ മാറ്റുകയും ഓടുകൾ പാകുകയും ചെയ്തു. ഗ്രിൽ സ്ഥാപിച്ചു. പൊതുജനങ്ങൾക്കുള്ള ടോയ്‌ലെറ്റ് നവീകരിച്ചു. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| ബി) | ഓരോ രജിസ്ട്രാർ ആഫീസിനും എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് ഓരോ ആഫീസിലും നടന്നതെന്നും പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്നും വിശദമാക്കാമോ; | | |
| സി) | കൊട്ടിയം സബ് രജിസ്ട്രാർ ആഫീസിന് സ്വന്തമായി വസ്തു വാങ്ങി കെട്ടിടം നിർമ്മിയ്ക്കുന്നതിനുള്ള നടപടികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ? | സി) | വസ്തു വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ